# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2148** **07.03.2017-ൽ മറുപടിക്ക്**

**കുട്ടനാട്ടിൽ കാൻസർ രോഗികളുടെ വർധന**

**ചോദ്യം** **മറുപടി**

**ശ്രീ.വി.പി.സജീന്ദ്രൻ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാടശേഖരങ്ങളും തോട്ടുകളും വിഷലിപ്തമായതുകാരണം കുട്ടനാട്ടിൽ കാൻസർ രോഗികൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പാടശേഖരങ്ങളും തോടുകളും വിഷലിപ്തമായതുകാരണം കുട്ടനാട്ടിൽ കാൻസർ രോഗ വർദ്ധനവുള്ളതായി ശാസ്ത്രീയമായ തെളിവുകൾ ഒന്നുംതന്നെ ലഭ്യമല്ല. എന്നിരുന്നാലും ആരോഗ്യവകുപ്പിന്റെ ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയിലൂടെ രോഗ നിർണ്ണയവും ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തി വരുന്നു. കുട്ടനാട് പോലെ ജലമാർഗ്ഗം വഴി മാത്രം എത്തിച്ചേരാവുന്ന വിദൂര പ്രദേശങ്ങളിലേക്കു സഞ്ചരിക്കുന്ന ജീവിതശൈലി രോഗ ക്ലിനിക്കുകൾ ജലമാർഗ്ഗം നടപ്പിലാക്കി വരുന്നു. |
| (ബി) | കുട്ടനാടിനെ ഈ മാരക രോഗത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ